

| |
|---|
| വയസ്സ് |
| ജനന തീയതി |
| പേര് |
| വിലാസം |
| |
| |
| രക്ഷകർത്താവിന്റെ ഒപ്പ്: |

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം

യൂണിറ്റ്-3
ലൂക്കോസ് സുവിശേഷം

## പാഠം 1: കാണാതെപോയ ആട്



വായന ഭാഗം
ലൂക്കോസ് 15 :1-7



താക്കോൽ വാക്യം
ലൂക്കോസ് 15:7

തെറ്റുകൾ ചെയ്ത് ദൈവത്തിൽ നിന്ന് അകന്നുപോയവരായ നാം കാണാതെപോയ ആടിനെപ്പോലെയാണെന്ന് കാണിക്കുന്നതിന് വേണ്ടിയാണ് യേശു ഈ കഥ പറഞ്ഞത്.

*നാം ചെയ്യുന്ന തെറ്റുകളെ ബൈബിൾ പാപം എന്ന് പറയുന്നു.*

യേശു ഈ ഭൂമിയിലായിരുന്നപ്പോൾ പാപികളായ മനുഷ്യരോട് സംസാരിക്കുവാൻ വളരെയധികം സമയം ചെലവഴിച്ചു. ഇങ്ങനെയുള്ളവരുമായി യേശു ഇടപെടുന്നതിൽ യഹൂദ മതനേതാക്കന്മാർ യേശുവിൽ കുറ്റം കണ്ടെത്തി.

***ബാലന്റെ കയ്യിലുള്ള ബലൂൺ ഏതെന്ന് കണ്ട് പിടിച്ചാൽ യേശുവിന്റെ കാലത്തുള്ള മതനേതാക്കൾ ആരാണെന്ന് കണ്ടുപിടിക്കാം. എടുത്തെഴുതുക.***

വായനഭാഗത്തിലെ ഇടയന് ഒരു ആടിനെ മാത്രമേ നഷ്ടമായുള്ളു. ബാക്കി 99 എണ്ണം തനിക്ക് ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഇങ്ങനെ പറയാമായിരുന്നു. എനിക്ക് 99 ആടുകൾ ഉണ്ട്. നഷ്ടപ്പെട്ട ഒരു ആടിനുവേണ്ടി ഞാൻ എന്തിന് ബദ്ധപ്പെടണം. എന്നാൽ അദ്ദേഹം അങ്ങനെ ചെയ്തില്ല. പാറകൾക്കിടയിലും മുള്ളുകൾക്കിടയിലും മറ്റുപലയിടങ്ങളിലും ആടിനെ കണ്ടെത്തുവോളം അദ്ദേഹം തിരഞ്ഞു.




☐ ☐ ☐ ☐ ☐ ☐/2



ചോദ്യം: ചിത്രത്തിന് യോജിച്ച വാക്യം വായന ഭാഗത്തുനിന്നും എടുത്തെഴുതുക.

☐/2

LEVEL - 3
11 മുതൽ 13 വയസ്സുവരെ

GOSPEL FOR CHILDREN

നഷ്ടപ്പെട്ടുപോകുന്ന പാപികളായ ജനത്തെക്കുറിച്ച് യേശുവിന്റെ കാലത്തെ മത നേതാക്കന്മാർക്ക് യാതൊരു കരുതലും ഇല്ലായിരുന്നു. അവർ തങ്ങളുടെ സ്വന്തകാര്യം മാത്രമാണ് നോക്കിയിരുന്നത്. തങ്ങൾ നീതിമാന്മാരാണെന്നും അതുകൊണ്ട് അനുതപിക്കേണ്ട യാതൊരു കാര്യവും ഇല്ല എന്ന് അവർ ചിന്തിച്ചു.

നാം ഓരോരുത്തരും ഉൾപ്പെടെ സകല മനുഷ്യരേയും യേശു സ്നേഹിക്കുന്നു. തന്റെ മനുഷ്യരാകുന്ന ആടുകൾക്കു വേണ്ടി ജീവനെ കൊടുക്കുവാൻ ഒരുക്കമായിരുന്നതുകൊണ്ട് ബൈബിൾ യേശുവിനെ നല്ല ഇടയൻ എന്ന് വിളിക്കുന്നു. യേശു ക്രൂശിൽ മരിച്ചതിനാൽ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിരിക്കുന്നു. നമ്മുടെ തെറ്റുകളെ സമ്മതിച്ച് യഥാർത്ഥമായി നാം അനുതപിക്കുമെങ്കിൽ യേശു നമ്മുടെ പാപങ്ങളെ ക്ഷമിക്കും.

**ചോദ്യം:** നഷ്ടപ്പെട്ടുപോയ ആടിനെ കണ്ടെത്തിയ ഇടയൻ അതിനെ എന്തുചെയ്തു? ശരിയായ ഉത്തരത്തിന് നിറം കൊടുക്കുക.

| | |
|---|---|
| വടികൊണ്ട് അതിനെ അടിച്ചു | വീട്ടിലേക്ക് എടുത്തുകൊണ്ട് പോയി |
| ഭക്ഷണത്തിനായി കറി വെച്ചു | കണ്ടിടത്ത് ഉപേക്ഷിച്ചിട്ട് പോന്നു |

/2

**ചോദ്യം:** വീട്ടിലെത്തിയ ഇടയൻ തന്റെ സ്നേഹിതരോട് എന്താണ് പറഞ്ഞത് ? (വാക്യം -6)

/2

**ചോദ്യം:** താക്കോൽ വാക്യം എഴുതുക.

/3

**ചോദ്യം:** ശരിയായ ഉത്തരം കളങ്ങളിലെഴുതുക.

1. ഒരു പാപി മാനസാന്തരപ്പെട്ടാൽ സ്വർഗ്ഗത്തിലുണ്ടാകുന്നതെന്ത് ? ____
2. കഥയുടെ മറ്റൊരു പേര് ____
3. അയാൾ ____ ന്മാരെ വിളിച്ചുകൂട്ടി.
4. ____ വരെ നോക്കി നടക്കാതിരുക്കുമോ.
5. അധികം സന്തോഷം ഉണ്ടാക്കുന്ന സ്ഥലം ____
6. ____ ക്കാരേയും അയാൾ വിളിച്ചുകൂട്ടി.
7. കഥ പറഞ്ഞ വ്യക്തി ____
8. ഇടയന് ഉണ്ടായിരുന്ന ആടുകളുടെ എണ്ണം ____

# പാഠം 2: നഷ്ടപ്പെട്ട മകൻ



വായന ഭാഗം
ലൂക്കോസ് 15:11–24



താക്കോൽ വാക്യം
ലൂക്കോസ് 15 : 18

തെറ്റായ കാര്യങ്ങൾ ചെയ്താൽ, യഥാർത്ഥമായി അനുതപിച്ച് ദൈവത്തിങ്കലേക്ക് മടങ്ങി വരണമെന്ന് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ യേശു മറ്റൊരു കഥ പറഞ്ഞു.

**ചോദ്യം:** ഈ കഥ രണ്ട് പുത്രന്മാരുടേതാണ്. എന്താണ് ഇളയപുത്രൻ തന്റെ പിതാവിനോട് ചോദിച്ചത് ?

[ ] /1

**ചോദ്യം:** പിന്നെ മകൻ എന്തു ചെയ്തു?

[ ] /1

**ചോദ്യം:** കഥയിൽ എന്താണ് സംഭവിച്ചതെന്നറിയുവാൻ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി കളത്തിലെ ഉത്തരത്തിന് വൃത്തം വരയ്ക്കുക

1. പിതാവിന് എത്ര മക്കളുണ്ടായിരുന്നു? ര ________
2. എത്രാമത്തെ മകനാണ് വീടു വിട്ടിറങ്ങിയത്?
   ഇ________
3. വീടുവിട്ടിറങ്ങി എങ്ങോട്ടാണ് ഇളയമകൻ പോയത്? ദൂ ____
4. തന്റെ പണം കൊണ്ട് താൻ എന്ത് ചെയ്തു?
   നാ________________
5. ദേശത്ത് എന്ത് സംഭവിച്ചു? __________ മം.
6. ആർക്ക് വേണ്ടിയാണ് അവർ ജോലി ചെയ്തത്?
   ദേ____________ പൗരന്
7. താൻ നോക്കിയിരുന്ന മൃഗം? പ________

| | | | | | | |
|---|---|---|---|---|---|---|
| ല | ര | വ | സ | രി | വ | ച |
| ടു | ത | മ | ര | ക്ഷാ | ക | ല |
| ദൂ | ഇ | ള | യ | മ | ക | ൻ |
| ര | ട്ട | ണ | ര | ം | സ | പ |
| ദേ | ശ | ത്തി | ലെ | പൗ | ര | ന് |
| ശ | ബ | മ | ജ | ര | ണ്ട് | ട്ട |
| ത്തേ | ക | പ | ന്നി | നു | ര | മ |
| ക്ക് | നാ | നാ | വി | ധ | മാ | ക്കി |

[ ] /7

ദൂരദേശത്ത് തന്റെ പണം അവൻ ദുർവിനിയോഗം ചെയ്തു. ആയതിനാൽ ആഹാരത്തിനായി അവനൊരു ജോലി തേടേണ്ടതായി വന്നു.

**ചോദ്യം:** അവനു ലഭിച്ച ജോലി എന്ത്?

| ആട്ടിടയൻ | നികുതി പിരിവ് | പന്നികളെ മേയ്ക്കുക |
|---|---|---|

[ ] /1

നിങ്ങൾക്ക് എപ്പോഴെങ്കിലും തെറ്റായ കാര്യങ്ങൾ ചെയ്തതുകൊണ്ട് നിരാശ തോന്നിയിട്ടുണ്ടോ? നാം ചെയ്യുന്ന തെറ്റായ കാര്യങ്ങളെ പാപം എന്നാണ് ബൈബിൾ വിളിക്കുന്നതെന്ന് നാം പഠിച്ചുവല്ലോ. നമ്മുടെ തെറ്റുകളെ സമ്മതിച്ച് ദൈവത്തോട് ഏറ്റുപറയുക എന്നുള്ളതാണ് നമുക്ക് ചെയ്യുവാൻ കഴിയുന്ന ഉത്തമമായ കാര്യം. വായന ഭാഗത്തിലെ പുത്രൻ പാപം ചെയ്തപ്പോൾ ഇതേ സാഹചര്യത്തിലാണെന്ന് സ്വയം മനസ്സിലാക്കി, ചെയ്തുപോയ തെറ്റിനെക്കുറിച്ച് അനുതപിച്ചു വീട്ടിലേക്ക് മടങ്ങി വന്നു.

**ചോദ്യം:** ഭവനത്തിലേക്ക് മടങ്ങിവരുമ്പോൾ എന്ത് പറയണമെന്നാണ് അവൻ ചിന്തിച്ചത്? താക്കോൽ വാക്യം എഴുതുക.

| |
|---|
| |
| |
| |

/1

**ചോദ്യം:** ശരിയോ തെറ്റോ എന്നെഴുതുക.

മകനെ വീണ്ടും കണ്ടപ്പോൾ പിതാവ് കോപാകുലനായി തീർന്നു. : ____________

മകനെ സ്വീകരിക്കുവാൻ പിതാവ് ഓടിച്ചെന്നു. : ____________

തന്റെ മകനെ വീണ്ടും കണ്ടതിൽ പിതാവ് അതിയായി സന്തോഷിച്ചു.: ____________

**ചോദ്യം:** പിതാവ് തന്നോട് ക്ഷമിച്ചു എന്നതിന്റെ അടയാളമായി അവന് എന്തെല്ലാംലഭിച്ചു.

| |
|---|
| 1. |
| 2. |
| 3. |

/3

**ചോദ്യം:** തന്റെ ദാസന്മാരോട് പിതാവ് എന്താണ് പറഞ്ഞതെന്നറിയാൻ വിട്ടുപോയ പദങ്ങൾ കണ്ടെത്തി പൂരിപ്പിക്കുക.

"ഈ എന്റെ മകൻ ____________ആയിരുന്നു; വീണ്ടും ____________ . ____________

പോയിരുന്നു ____________ കിട്ടിയിരുന്നു."



**(ജീവിച്ചു, കണ്ടു, മരിച്ചവൻ, കാണാതെ.)**

നമ്മോടുള്ള ദൈവസ്നേഹത്തിന്റെ ഒരു ചിത്രീകരണമാണ് ഈ കഥ. യേശു ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ എല്ലാവരുടേയും പാപത്തിന്റെ ശിക്ഷ അവൻ ഏറ്റെടുത്തു.

നമ്മുടെ പാപങ്ങളെ യഥാർത്ഥമായി ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് യേശുവിങ്കലേക്ക് വരുവാൻ യേശു ആഗ്രഹിക്കുന്നു. അപ്പോൾ യേശു നമ്മോട് ക്ഷമിച്ച് ദൈവഭവനത്തിലേക്ക് നമ്മെ സ്വീകരിക്കും.

**ആകെ**

# പാഠം 3: ഇരുണ്ട ദിനം.



വായന ഭാഗം
ലൂക്കോസ് 23:13-26
32-49



താക്കോൽ വാക്യം
ലൂക്കോസ് 23: 47

നിങ്ങളുടെ സ്ഥലത്ത് വളരെ പ്രസിദ്ധനായ ഒരു വ്യക്തി വരുമ്പോൾ ജനങ്ങൾ നിരനിരയായി നിന്ന് അദ്ദേഹത്തെ അഭിവാദ്യം ചെയ്യാറുണ്ടല്ലോ? സന്ദർശനത്തിന് ശേഷം അദ്ദേഹം തിരികെ പോകുമ്പോൾ അതേ ജനങ്ങൾ അദ്ദേഹത്തെ കൂക്കുവിളിക്കുകയും കൊല്ലണമെന്ന് ആർത്ത് വിളിക്കുകയും ചെയ്താൽ അതു നിങ്ങൾക്ക് ഒരു ആശ്ചര്യമായി തോന്നുകയില്ലേ. ഏതാണ്ട് ഇതുപോലെയുള്ള ഒരു അനുഭവമാണ് യേശു കർത്താവിന് ഉണ്ടായത്. ആകാംഷയോടെ അനേകർ യേശുവിന്റെ പിന്നാലെ ചെന്നു. അവർ യേശുവിന്റെ വാക്കുകൾ കേട്ടു. അവരിൽ അനേകരെ യേശു സൗഖ്യമാക്കി. എന്നാൽ യേശു മരിക്കണമെന്ന് ഇപ്പോൾ അവർ ആർത്തു പറയുന്നു.

**ചോദ്യം:** ചേരുംപടി ചേർക്കുക



**ബറബ്ബാസ്**



**കള്ളൻ**

1. ആരെയാണ് പീലാത്തോസ് വിളിച്ച് കൂട്ടിയത്?
2. ആരെ മോചിപ്പിക്കണമെന്നാണ് ജനം ആവശ്യപ്പെട്ടത്?
3. യേശുവിനെ മരണത്തിന് വിധിച്ചത് ആര്?
4. യേശുവിന്റെ കുരിശ് ചുമന്നത് ആരാണ്?
5. യേശു ഒരു തെറ്റും ചെയ്തിട്ടില്ല എന്ന് പറഞ്ഞതാരാണ്? (2 ഉത്തരമുണ്ട്)
6. തന്നേയും ഓർക്കണമെന്ന് ആരാണ് യേശുവിനോട് പറഞ്ഞത്?
7. ആരാണ് കൊലയാളി?



**നേതാക്കൾ**



**പീലാത്തോസ്**



**ശീമോൻ**

☐ /3

യേശുവിനെ വിസ്തരിച്ച റോമാ ഗവർണറായിരുന്ന പീലാത്തോസ് യേശുവിനെ മോചിപ്പിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഓരോ പ്രാവശ്യവും ജനം ഒരേ കാര്യം വിളിച്ച് പറഞ്ഞു.

**ചോദ്യം:** എന്താണ് അവർ വിളിച്ച് പറഞ്ഞത് ?

______________________________

______________________________

☐ /1

പീലാത്തോസ് യേശുവിനെ ഏൽപ്പിച്ചുകൊടുക്കുകയും ജനങ്ങൾ അവനെ കൊല്ലുവാൻ കൊണ്ടുപോവുകയും ചെയ്തു. എത്ര ഭയാനകം!! പാപം ചെയ്യാത്ത യേശു മരണത്തിന് അർഹനല്ലായിരുന്നു. ദൈവപുത്രനായിരുന്ന യേശുവിന് പടയാളികളുടെ കയ്യിൽ നിന്ന് തന്നെത്തന്നെ രക്ഷിക്കാമായിരുന്നു. എന്നാൽ യേശു അത് തെരഞ്ഞെടുത്തില്ല. എന്തുകൊണ്ട്? നമ്മോടുള്ള യേശുവിന്റെ സ്നേഹം അത്രമാത്രം വലുതായിരുന്നു. ദൈവത്തിന്റെ ശിക്ഷയിൽ നിന്ന് നമ്മെ രക്ഷിപ്പാൻ നമ്മുടെ പാപങ്ങൾക്ക് വേണ്ടി യേശു ക്രൂശിൽ മരിക്കുവാൻ ഇടയായി.

നിനക്കായി യേശു മരിച്ചു. എപ്പോഴെങ്കിലും നീ യേശുവിനോട് നന്ദി പറഞ്ഞിട്ടുണ്ടോ?

**ചോദ്യം:** യേശുവിനോടൊപ്പം എത്രപേരാണ് ക്രൂശിക്കപ്പെട്ടത് [ ] [ ]/1

**ചോദ്യം:** താഴെ കൊടുത്തിരിക്കുന്ന വാചകങ്ങളിലെ തെറ്റായ വാക്കുകൾ വെട്ടിക്കളയുക.

- ♦ കുരിശിൽ കിടന്നുകൊണ്ട് യേശു പറഞ്ഞു പിതാവേ, ഇവരോട് ക്ഷമിക്കണമേ/ഇവരെ ശിക്ഷിക്കണമേ/ഇവരെ നശിപ്പിക്കണമേ
- ♦ യേശുവിനെ നോക്കികൊണ്ടിരുന്ന ഭരണാധികാരികൾ അവനുവേണ്ടി കരഞ്ഞു/ പ്രാർത്ഥിച്ചു/ പരിഹസിച്ചു.
- ♦ പടയാളികൾ യേശുവിന് നൽകിയത് അപ്പം/വെള്ളം/കയ്പുനീർ [ ]/3

ക്രൂശിക്കപ്പെട്ടവരിൽ ഒരുവൻ യേശുവിന് മാത്രമേ തന്നോട് ക്ഷമിക്കുവാൻ കഴിയുകയുള്ളു എന്ന് മനസ്സിലാക്കി. യേശുവിനോടുകൂടെ പറുദീസയിലേക്ക് പോകുമെന്ന് അവൻ മരിക്കുന്നതിന് മുമ്പായി അറിഞ്ഞു.

**ചോദ്യം:** ദേശത്ത് ഇരുട്ടുണ്ടായപ്പോൾ എന്ത് സംഭവിച്ചു (45-ാം വാക്യം നോക്കുക)

[ ] [ ]/1

**ചോദ്യം:** എത്ര നേരം ദേശത്ത് ഇരുട്ടുണ്ടായിരുന്നു? [ ] [ ]/1

**ചോദ്യം:** ക്രൂശിൽ വെച്ച് യേശു പറഞ്ഞ അവസാനത്തെ വാക്ക് എന്തായിരുന്നു.

______________________________
______________________________ [ ]/1

ക്രൂശിനടുത്തു നിന്ന റോമൻ ശതാധിപൻ നടന്നതൊക്കെയും കാണുകയും കേൾക്കുകയും ചെയ്യുകയായിരുന്നു.

**ചോദ്യം:** കർത്താവായ യേശുവിനെപ്പറ്റി ശതാധിപൻ എന്താണ് പറഞ്ഞതെന്നെഴുതുക.

______________________________
______________________________ [ ]/1

**ചോദ്യം:** നിങ്ങൾ പഠിച്ചതിൽ നിന്നും വായനഭാഗത്തുനിന്നും യേശു എന്തിനുവേണ്ടിയാണ് മരിച്ചതെന്ന് നിങ്ങളുടെ സ്വന്തം വാചകത്തിൽ എഴുതുക.

______________________________
______________________________
______________________________
______________________________ [ ]/3

[ ]

## പാഠം 4: പ്രകാശപൂർണ്ണമായ ദിവസം



വായന ഭാഗം
ലൂക്കോസ് 23:55-56
24:1-12



താക്കോൽ വാക്യം
ലൂക്കോസ് 24 : 6



അവർ എല്ലാവരും വളരെ ദുഃഖിതരായിരുന്നു. നിദ്രയിലാണ്ടുപോയ നഗരവീഥിയിലൂടെ നടന്നു പോയ അവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ധാരധാരയായി ഒഴുകിയിരുന്നിരിക്കാം. അവരുടെ സ്നേഹിതനായ യേശു മരിച്ചു. പ്രഭാതം പൊട്ടിവിടരുന്നു....... സ്ത്രീകൾക്ക് വളരെ പ്രധാനപ്പെട്ട ഒരു ദൗത്യം മുന്നിലുണ്ട്.

**ചോദ്യം:** ആ മൂന്ന് സ്ത്രീകളുടെ പേരുകൾ താഴെ എഴുതുക.

| 1 | | 2 | | 3 | |
|---|---|---|---|---|---|

/3

**ചോദ്യം:** വായനഭാഗം നോക്കി ശരിയായ വാക്കുകൾ താഴെകൊടുത്തിരിക്കുന്ന കളങ്ങ ളിൽ എഴുതുക.

- സ്ത്രീകൾ പോയത്
- അവർ കൊണ്ടുപോയത്
- ആരുടെ ശരീരത്തിൽ പുരട്ടുന്നതിന് വേണ്ടി?
- അവർ കണ്ടു.
- ചുരുട്ടി വെച്ചിരുന്നു.

/5

ഒഴിഞ്ഞ കല്ലറ കണ്ടപ്പോൾ അവർക്കുണ്ടായ ആശ്ചര്യം ഒന്ന് മനസ്സിൽ ചിന്തിക്കുക! ഇതിന്റെയെല്ലാം അർത്ഥം എന്താണ്? ഈ കാര്യങ്ങളെക്കുറിച്ച് അവർ വിസ്മയിച്ചു നിൽക്കുമ്പോൾ ക്ഷണത്തിൽ അവർ ഒരു ശബ്ദം കേട്ടു.



**ചോദ്യം:** സ്ത്രീകളോട് സംസാരിച്ചത് ആരാണ്?

/1

**ചോദ്യം:** യേശുവിന് എന്ത് സംഭവിച്ചു. ശരിയോ, തെറ്റോ എന്നെഴുതുക.

യേശു യഥാർത്ഥത്തിൽ മരിച്ചിരുന്നില്ല.

സ്ത്രീകൾ തെറ്റായ സ്ഥലത്തേക്കാണ് പോയത്.

യേശുവിന്റെ ശരീരം മോഷ്ടിച്ചുകൊണ്ട് പോയിരുന്നു.

/3

**ചോദ്യം:** ശരിക്കും സംഭവിച്ചത് എന്താണെന്നാണ് താക്കോൽ വാക്യം പറയുന്നത്?

/1

എന്തൊരു ദിനം! സങ്കടത്തിലായിരുന്ന സ്ത്രീകൾ സന്തോഷവതികളായി തീർന്നു. ഈ സന്തോഷവാർത്ത ശിഷ്യന്മാരെ അറിയിക്കുവാൻ ഒരു നിമിഷം പോലും അവർ വൈകിച്ചില്ല.

**ചോദ്യം:** സ്ത്രീകൾ വന്ന് പറഞ്ഞ കാര്യത്തോട് എപ്രകാരമാണ് ശിഷ്യന്മാർ പ്രതികരിച്ചത്?

/2

ഒരു ശിഷ്യൻ പോയി കാര്യങ്ങൾ നേരിട്ട് കാണുവാൻ തീരുമാനിച്ചു.

**ചോദ്യം:** അദ്ദേഹത്തിന്റെ പേര് എന്തായിരുന്നു?

അദ്ദേഹം എന്താണ് ചെയ്തത്?

അദ്ദേഹം എന്താണ് കണ്ടത്?

തിരികെ പോരുമ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം എന്തായിരുന്നു.

/4

അതേ ദിവസത്തിൽ പിന്നീട് യേശു കർത്താവ് ശിഷ്യന്മാരുടെ അരികിലെത്തി. യഥാർത്ഥമായി യേശു ഉയിർത്തെഴുന്നേറ്റു എന്ന് സംശയലേശമെന്യേ അവർ മനസിലാക്കി. യേശു സ്വർഗ്ഗത്തിലേക്ക് മടങ്ങി പോയതിനാൽ ഇന്ന് നമുക്ക് യേശുവിനെ കാണുവാൻ കഴിയുന്നില്ല. മരണത്തിൽ നിന്നും യേശു ഉയിർത്തെഴുന്നേറ്റു എന്ന് ബൈബിൾ പ്രസ്താവിക്കുന്നതുകൊണ്ട് യേശു ഇന്നും ജീവിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു.

**ആകെ**

**അതേ! യേശുകർത്താവ് ജീവിക്കുന്നു!**
**നിങ്ങളുടെ ജീവിതരീതിയിൽ എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളത്?**

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

LEVEL - 3
11 മുതൽ 13 വയസ്സുവരെ

ലഭിച്ച മാർക്ക്
പാഠം 1:.........
പാഠം 2:.........
പാഠം 3:.........
പാഠം 4:.........
ആകെ..........

For Private Circulation Only

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA